അൺ എക്കണോമിക് ആയി ലിസ്റ്റ് ചെയ്ത സ്കൂളുകൾ

42 (1060) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അൺ എക്കണോമിക് ആയി എത്ര സർക്കാർ സ്കൂളുകളെ ലിസ്റ്റ് ചെയ്തിട്ടുണ്ട് ; അവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

2014-15 വർഷം വരെ 2532 സ്കൂളുകൾ അൺ എക്കണോമിക് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഭൂമി വിൽക്കുന്നതിനുവേണ്ടി എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുക

43 (1061) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് ഭൂമി വിൽക്കുന്നതിനുവേണ്ടി സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മുൻകൂർ നോട്ടീസ് നൽകി സ്കൂൾ അടച്ച് പൂട്ടുന്നതിന് വ്യവസ്ഥ ചെയ്യുന്ന കേരള വിദ്യാഭ്യാസ ചട്ടത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരള ഹൈക്കോടതിയിൽനിന്നും സ്കൂൾ മാനേജർമാർ വാങ്ങിയ വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിനും ഇത് സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂളുകളിൽ കുട്ടികൾ കുറവായതുകൊണ്ട് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർ നോട്ടീസ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല എന്നാൽ ഇതുസംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ മാറ്റംവരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly